SAMPOORNA

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2021-22 അദ്ധ്യയനവർഷം ഡിജിറ്റൽ പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിശദാംശങ്ങൾ സംമ്പൂർണ്ണ മുഖേന ശേഖരിക്കുന്നത് സംബന്ധിച്ച്

എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ പഠനവും ഓൺലൈൻ പഠനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തനങ്ങൾ സജ്ജീകരിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ 1-12 വരെയുള്ള കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിശദാംശങ്ങൾ സംമ്പൂർണ്ണ മുഖേന ശേഖരിക്കുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ.(സാധാ) നം.3337/2021/പൊ.വി.വ തിയതി 09-07-2021 ) പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് സ്കൂൾ ലോഗിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനു മുൻപായി സംമ്പൂർണ്ണയിലെ വിവരങ്ങൾ യുഐഡി ഉൾപ്പെടെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. താഴെപ്പറയുന്ന രീതിയിൽ സംമ്പൂർണ്ണയിൽ ഉൾപ്പെടുത്താവുന്നതാണ്.

സംമ്പൂർണ്ണയിൽ **(sampoorna.kite.kerala.gov.in)** പ്രവേശിക്കുന്നതിന് സ്കൂളുകൾ അവരവരുടെ യൂസർനെയിമും പാസ്‌വേർഡും ഉപയോഗിക്കുക. ഹയർസെക്കന്ററി / വൊക്കേഷണൽ സെക്കന്ററി വിഭാഗങ്ങൾ **HSCAP / VHSCAP** ന്റെ യൂസർനെയിമും പാസ്‌വേർഡും ഉപയോഗിക്കുക.



## ഹയർസെക്കന്ററി / വൊക്കേഷണൽ സെക്കന്ററി വിഭാഗങ്ങൾ




സ്കൂൾ ലോഗിൻ ചെയ്യുമ്പോൾ **Non ST Students** (പട്ടികവർഗ്ഗ വിഭാഗത്തിലല്ലാത്ത കുട്ടികൾ) എന്ന പേജ് കാണാം. **ST Students** എന്നതിൽ ക്ളിക്ക് ചെയ്താൽ ST കുട്ടികളുടെ വിവരങ്ങൾ ചേർത്തത് കാണാം. ഓരോ കോഴ്സിലും ഓരോ കുട്ടിയുടേയും വിവരങ്ങൾ അനുയോജ്യമായത് ഉൾപ്പെടുത്തി സേവ് ചെയ്യേണ്ടതാണ്.

(A) സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണെങ്കിൽ ആ കുട്ടിയുടെ പേരിനു നേരെ ടിക് ചെയ്യുക.




(B) ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണെങ്കിൽ ആ കുട്ടിയുടെ പേരിനു നേരെ ടിക് ചെയ്യുക.



(C) സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണെങ്കിൽ ആ കുട്ടിയുടെ പേരിനു നേരെ ടിക് ചെയ്യുക.




മുകളിൽ പറയുന്ന A,B,C എന്നിവയിൽ ഏതു വിഭാഗത്തിലാണ് ഓരോ കുട്ടിയും എന്ന് ശ്രദ്ധാപൂർവ്വം പരിശോധിച്ചശേഷം മാത്രം ചേർക്കുക. ഒരു വിഭാഗത്തിലും ഉൾപ്പെടാത്ത കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടതില്ല. എല്ലാവർക്കും ഡിവൈസ് ഉണ്ടെങ്കിൽ confirm ചെയ്താൽ മതി.




എല്ലാ കുട്ടികളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയത് ശരിയാണെന്ന് ഉറപ്പാക്കി **consolidation** എന്നതിൽ ക്ളിക്ക് ചെയ്യുക. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പേജ് ലഭിക്കുന്നു.




| Course ID | Students | APL | BPL | (A) സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണ് | (B) ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണ് | (C) സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടിയാണ് | (A+B+C) |
|---|---|---|---|---|---|---|---|
| 1 | 156 | 153 | 3 | 27 | 129 | 0 | 156 |
| 10 | 116 | 113 | 3 | 0 | 116 | 0 | 116 |
| 39 | 109 | 109 | 0 | 0 | 0 | 109 | 109 |
| Total | 381 | 375 | 6 | 27 | 245 | 109 | 381 |

ഈ പേജിലെ സത്യപ്രസ്താവന വായിച്ച് ടിക് ചെയ്യുക. എല്ലാ കുട്ടികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയെന്നും ശരിയാണെന്നും ഉറപ്പാക്കി **Confirm** ചെയ്യുക.

<u>**സെക്കന്ററി വിഭാഗം**</u>




സ്കൂൾ ലോഗിൻ ചെയ്യുമ്പോൾ ഡാഷ്ബോർഡിൽ കാണുന്ന **Availability- Digital Devices** എന്ന ലിങ്കിൽ  ക്ലിക്ക് ചെയ്യുക.




പട്ടികവർഗ്ഗ വിഭാഗത്തിലല്ലാത്ത കുട്ടികളുടെ **(Non ST Students)** വിവരങ്ങളാണ് ചേർക്കേണ്ടത്. അതിനായി ഓരോ ക്ലാസ്സും സെലക്ട് ചെയ്യുക. ലഭിക്കുന്ന പേജിൽ ഓരോ കുട്ടിയുടേയും വിശദാംശങ്ങൾ വിശദമായി പരിശോധിച്ച് അനുയോജ്യമായത് ടിക്ക് ചെയ്ത് സേവ് ചെയ്യുക. **ST Students** എന്നതിൽ ക്ലിക്ക് ചെയ്താൽ ST കുട്ടികളുടെ വിവരങ്ങൾ ചേർത്തത് കാണാം. എല്ലാ ക്ലാസ്സിലെയും എല്ലാ കുട്ടികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സേവ് ചെയ്യുക. ഏതെങ്കിലും കുട്ടികളുടെ വിവരം Remove ചെയ്യേണ്ടതുണ്ടെങ്കിൽ **Remove Button** ലഭ്യമാണ്.



എല്ലാ കുട്ടികളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയത് ശരിയാണെന്ന് ഉറപ്പാക്കി **consolidation** എന്നതിൽ ക്ലിക്ക് ചെയ്യുക. ഉൾപ്പെടുത്തിയ എല്ലാ വിവരങ്ങളും ഉൾപ്പെട്ട പേജ് ലഭിക്കുന്നു. ഈ പേജിലെ സത്യപ്രസ്താവന വായിച്ച് ടിക് ചെയ്യുക. എല്ലാ കുട്ടികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയവ ശരിയാണെന്ന് ഉറപ്പാക്കി **Confirm** ചെയ്യേണ്ടതാണ്.




## Add to student

ഏതെങ്കിലും കുട്ടിയുടെ വിവരങ്ങൾ **Non ST Students** എന്ന ലിങ്കിൽ ഉൾപ്പെടാത്തവ ചേർക്കേണ്ടതുണ്ടെങ്കിൽ **Add to student** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ചേർക്കാം. അതിനായി ലഭിക്കുന്ന പേജിൽ അഡ്മിഷൻ നമ്പർ നല്കി Get എന്നതിൽ ക്ലിക്ക് ചെയ്യുക. കുട്ടിയുടെ വിവരങ്ങൾ ലഭിക്കുന്നു. പരിശോധിച്ചശേഷം **Add Student to Non ST Student List** എന്നതിൽ ക്ലിക്ക് ചെയ്യുക.

## Restore Students




Non ST Students List നിന്നും ആവശ്യമെങ്കിൽ ഒഴിവാക്കിയ കുട്ടിയെ **Restore** ചെയ്യാം. അതിനായി **Restore students** എന്നതിൽ ക്ലിക്ക് ചെയ്യുക. **Restore Button** ലഭ്യമാണ്.